പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1386

12.7.2011 ൽ മറുപടിയ്ക്ക്

## പുളിങ്കുന്ന് പഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ചാണ്ടി ; | ശ്രീ. റ്റി.എം. ജേക്കബ് (ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പുളിങ്കുന്ന് പഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് സാദ്ധ്യതാ പഠനം നടത്തിയശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ; | എ) പുളിങ്കുന്ന് പഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി നടത്തിയ സാദ്ധ്യതാപഠനത്തിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന കെട്ടിടം മാവേലി സ്റ്റോറിന്റെ നടത്തിപ്പിന് സൗകര്യപ്രദമല്ലാത്തതിനാൽ പ്രസ്തുത കെട്ടിടം ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുകയോ 500 ച.അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള മറ്റൊരു കെട്ടിടം കണ്ടെത്തി അറിയിക്കുകയോ ചെയ്യുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് അധികൃതരോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി) കുട്ടനാട്ടിലെ മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിന് സാദ്ധ്യതാ പഠനം നടത്തുമോ ? | ബി) മാവേലിസ്റ്റോർ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ പുതിയവ ആരംഭിക്കുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്തുകൾ അനുയോജ്യമായ സ്ഥലത്ത് 2 വർഷത്തേക്ക് സൗജന്യമായി 500 ച.അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കെട്ടിടസൗകര്യവും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും നൽകാൻ തയ്യാറാണെന്ന് അറിയിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ സാദ്ധ്യതാ പഠനം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ